**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **31-01-2024 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി NABARD-LTIF ൽ രൂപ 34.9 കോടിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുള്ളത് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് നിലവിലെ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | തീരുമാനിച്ചിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂ ട്ടറിയുടെ ബാക്കിയുള്ള പ്രവൃത്തികളുടെ 34.9 കോടി രൂപയുടെ DPR അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത് നബാർഡിന്റെ പരിഗണനയിലാണ്. |
| (സി) | മുളക്കുളം പഞ്ചായത്തിലൂടെയുള്ള മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | മുളക്കുളം പഞ്ചായത്തിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെയും പിറവം ബ്രാഞ്ച് കനാലിന്റെയും ശേഷിച്ച പ്രവൃത്തികളുടെ 36.5 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നബാർഡിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണം സംബന്ധിച്ച 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ? | (ഡി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ചിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് വിശദീകരണം ലഭ്യമാകുകയും തുടർന്ന് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ